## ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in


# പത്രക്കുറിപ്പ്

ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ശ്രീ.ബിജുപ്രഭാകർ ഐ.എ.എസിന്റെ പ്രത്യേക നിർദേശപ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധ സംസ്ഥാന വ്യാപകമായി ഇന്നലെയും ഇന്നും തുടർന്നു. ഇതനുസരിച്ച് ഇന്നലെയും ഇന്നുമായി സംസ്ഥാന വ്യാപകമായി 91 സ്കൂളുകളിലും 76 അംഗനവാടികളിലും 3 ആദിവാസി കുട്ടികൾക്കായിട്ടുള്ള ഹോസ്റ്റലുകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥന്മാരുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തി. സംസ്ഥാന വ്യാപകമായി ഇതിനകം 207 സ്കൂളുകളും 185 അംഗനവാടികളിലും പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തിയിട്ടുണ്ട്.

വരും ദിവസങ്ങളിലും പരിശോധനകൾ തുടരുന്നതാണ്. സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തിലും അംഗനവാടികളിൽ കുഞ്ഞുങ്ങൾക്ക് നൽകുന്ന ഭക്ഷണത്തെ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അവ ടോൾ ഫ്രീ നമ്പറിൽ **(1800 425 1125)** വിളിച്ചറിയ്ക്കാവുന്നതാണ്.

കെ.അനിൽകുമാർ

തീയതി:20.07.2013

ഫുഡ് സേഫ്റ്റി കമ്മീഷണർക്കുവേണ്ടി